# 4

# “ഇവിടെ ഇതാ സർപ്പം!”

മനുഷ്യൻ ലോകത്തിന്റെ ചിത്രം വരക്കുവാൻ തുടങ്ങിയപ്പോൾ, ഭൂമിയുടെ പല ഭാഗവും കണ്ടെത്തേണ്ടതായിട്ടുണ്ടായിരുന്നു. പ്രാരംഭ ഭൂപട നിർമ്മാതാക്കൾക്ക് അജ്ഞാത സ്ഥലങ്ങൾ അപകടഭീഷണിയുള്ളതായതുകൊണ്ട് അവിടെ പോകുവാൻ വിലക്കുണ്ടായിരുന്നു. ഐതിഹാസികജീവികൾ അവിടെ നിറച്ചുള്ളതായി പ്രചരിപ്പിക്കപ്പെട്ടിരുന്നു. ഒരു പുരാതന ഭൂപടത്തിൽ അജ്ഞാത സ്ഥലങ്ങളെ ചൂണ്ടി ഇപ്രകാരം രേഖപ്പെടുത്തിയിരുന്നു, “ഇതാ ഇവിടെ സർപ്പമുണ്ട്!”[1]

ആദ്യഭൂപടനിർമ്മാതാക്കൾക്ക് ഒരു അജ്ഞാത മേഖല എങ്ങനെയോ അതുപോലെയാണ്, അനേകർക്ക്, വെളിപ്പാട് പുസ്തകം അന്ധാളിപ്പുണ്ടാക്കുന്നത്. ഇപ്പോഴത്തെ ഭീരുക്കളായ പര്യവേഷകർക്ക് പോലും “ഇതാ ഇവിടെ സർപ്പമുണ്ട്!” എന്ന് സത്യസന്ധമായി പറയുവാൻ കഴിയും, കാരണം വെളിപ്പാട് പുസ്തകത്തിന്റെ ഹൃദയഭാഗത്ത് “ഏഴ് തലയും പത്ത് കൊമ്പും ഉള്ള ഒരു മഹാസർപ്പത്തെ” കുറിച്ച് പറയുന്നു (12:3). സർപ്പത്തിനുപുറമെ, വെളിപ്പാട് പുസ്തകത്തിന്റെ ഭൂപ്രകൃതിയിൽ മുമ്പിലും പിമ്പിലും കണ്ണുള്ള ജീവികളും അലഞ്ഞു തിരിയുന്നതു കാണാം (4:6–8). തേളിനെ പോലെ വാലുള്ള വെട്ടുക്കിളികൾ (9:3–11), പത്തു തലകളുള്ള മൃഗം (13:1, 2). തവളകളെ പോലെ കാണപ്പെടുന്ന മൂന്ന് അശുദ്ധാത്മാക്കളെയും കാണാം (16:13, 14)! പുസ്തകത്തിലെ ഈ അസാധാരണവും ഭയങ്കരവുമായ ജീവികളുടെ രൂപവും – പുസ്തകത്തിലുടെ യാത്ര ചെയ്യുന്ന സഞ്ചാരികൾക്ക് കാഴ്ച്ച അശുഭസൂചകവും ഭയാനകവുമായി തോന്നും.

ഈ അപരിചിതമായ ഭാവന നിങ്ങൾക്ക് കൂടുതൽ ആശ്വസകരമാക്കുവാൻ സഹായിക്കുന്നതാണ് ഈ പാഠവും അടുത്തതും. നാം ചിഹ്നങ്ങളെ പൊതുവായും വെളിപ്പാട് പുസ്തകത്തിലേത് പ്രത്യേകമായും നോക്കുന്നതാണ്.

### എന്താണ് ചിഹ്നങ്ങൾ?

*സൺ*[2] (“വിത്ത്”) എന്നും *ഹാലോ* (“ടു ത്രോ”) എന്നും ഉള്ള ഗ്രീക്ക് വാക്ക് യോജിപ്പിച്ചതാണ് ‘‘സിമ്പൽ’’ എന്ന വാക്ക്. ‘‘സിമ്പൽ’’ എന്ന വാക്കിന്റെ അക്ഷരിക അർത്ഥം “എറിയുവാൻ ഉപയോഗിക്കുന്ന” എന്നാണ്. “സിമ്പൽ” എന്ന വാക്ക് രണ്ട് ആശയങ്ങളെയാണ് സൂചിപ്പിക്കുന്നത് – ഒന്ന് പ്രത്യക്ഷവും മറ്റൊന്ന് അപ്രത്യക്ഷവുമാണ് – ഒരു ആശയത്തെ “ഒരുമിച്ച് അറിയിക്കുക”[3] സിമ്പൽ എന്ന വാക്ക് ഡിക്ഷ്ണറി നിർവ്വചിക്കുന്നത്, “പ്രതിനിധി സമ്മേളനത്താൽ, അല്ലെങ്കിൽ ബന്ധത്താൽ, അദൃശ്യമായ ഒന്നുമായി സാമ്യമുള്ള ഒരു വസ്തുവിനെ പ്രതിനിധീകരിക്കുന്നതാണ്.”[4]

ആളുകൾ ദിവസേന ചിഹ്നങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്. ഒരു കുപ്പിയുടെ പുറത്ത് തലയോട്ടിയും വിലങ്ങനെ എല്ലുകളും അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിൽ, കുപ്പിക്കകത്ത് വിഷമാണെന്ന് നമുക്ക് അറിയാം – അതുകൊണ്ട് അത് കുട്ടികൾക്ക് എത്താത്ത സ്ഥാനത്ത് നാം എടുത്ത് വെക്കും. വിഷത്തിന്റെ *ചിത്രമല്ല* തലയോട്ടിയും വിലങ്ങനെയുള്ള എല്ലുകളും; അവ, വിഷത്തിന്റെ

*അടയാളമാണ്.* അമേരിക്കയിൽ പ്രസാധക കാർട്ടൂണായി പലപ്പോഴും വരുന്നത് ആനയും കഴുതയുമാണ്.[5] ആന പ്രതിനിധാനം ചെയ്യുന്നത് റിപ്പബ്ലിക്കൻ പൊളിറ്റിക്കൽ പാർട്ടിയേയും, കഴുത പ്രതിനിധാനം ചെയ്യുന്നത് ഡെമോക്രാറ്റിക് പാർട്ടിയേയുമാണ്.

ജീവിതത്തിന്റെ എല്ലാ വശങ്ങളെയും കുറിച്ചുള്ള അടയാളങ്ങൾ നിറഞ്ഞതാണ് വെളിപ്പാട് പുസ്തകം. വെളിപ്പാട് പുസ്തകം നമുക്ക് മനസിലാകണമെന്നുണ്ടെങ്കിൽ, അവ "മറ്റൊന്നിനോട് സമാനമോ സാദൃശ്യമോ പ്രയോഗിക്കുകയാണ്." അദൃശ്യമായ സത്യങ്ങളെ മനസിലാക്കുവാൻ ദൃശ്യമായ വസ്തുക്കൾ ഉപയോഗിച്ചിരിക്കയാണ്.

വെളിപ്പാട് പുസ്തകത്തിലെ *എല്ലാം* ആലങ്കാരികമല്ല. 1:4-ൽ യോഹന്നാൻ എന്നു പറയുന്നത്, വാസ്തവത്തിലുള്ള ഒരു വ്യക്തിയാണ്, അല്ലാതെ "അദൃശ്യമായ ആശയമല്ല." ദൈവം, ക്രിസ്തു, പരിശുദ്ധാത്മാവ് എന്ന് പറഞ്ഞിരിക്കുന്നത് (1:1, 4, 5) ദൈവികത്വത്തിലെ അംഗങ്ങളാണ്, അല്ലാതെ നാം കണ്ടെത്തേണ്ട മറഞ്ഞിരിക്കുന്ന സത്യമല്ല. അപ്പോൾ പിന്നെ, വെളിപ്പാട് ആലങ്കാരികവും അക്ഷരികവുമായ പുസ്തകമാണ്. അത് അപോകാലിപ്റ്റിക സാഹിത്യമാകയാൽ, അതിൽ ശക്തമായി നിൽക്കുന്നത് *ആലങ്കാരിക* ഭാഷയാണ്.

### അടയാളങ്ങളുടെ അർത്ഥം നമുക്കെങ്ങനെ അറിയാം?

വെളിപ്പാട് പുസ്തകത്തിന്റെ ആദ്യ വായനക്കാർ, "ഒരു പുസ്തകം വായിക്കുമ്പോൾ മനസിലാക്കേണ്ട ആന്തരിക നിയമങ്ങൾ അനുവർത്തിക്കയും ബഹുമാനിക്കയും ചെയ്തിരുന്നു."[6] ആ "നിയമങ്ങളെ" കുറിച്ച് ചില ചിന്തകൾ ഞാൻ നൽകട്ടെ:

ഒരുപക്ഷെ നിരീക്ഷിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു തത്വം ഇതായിരിക്കാം: *വെളിപ്പാട് പുസ്തകം അതിന്റെ സന്ദേശം അറിയിക്കുന്നത് അടയാളങ്ങളിൽകൂടെയാണെന്ന് മനസിലാക്കുകയും, അങ്ങനെ തന്നെ വ്യാഖ്യാനിക്കുകയും ചെയ്യണം.* അതിനർത്ഥം വെളിപ്പാടിൽ നാം വായിക്കുന്നത് മിക്കതും ആലങ്കാരികമാകയാൽ, "നാം അതിനെ സമീപിക്കുമ്പോൾ, സാധാരണ വ്യാഖ്യാനിക്കുന്ന നിയമങ്ങളിൽനിന്നു വ്യത്യസ്തമായിരിക്കണം."[7]

> സാധാരണ തിരുവെഴുത്തിലെ ഓരോ വേദഭാഗത്തിലെ വാക്കുകളും, അത് ആലങ്കാരികമായ അർത്ഥത്തിലല്ലെങ്കിൽ, സ്വാഭാവിക അർത്ഥത്തിലും വ്യക്തമായും മനസിലാകണം.[8] മുൻകരുതൽ എപ്പോഴും അക്ഷരിക അർത്ഥത്തിനായിരിക്കും. ഒരാൾ മറിച്ചാണ് എടുക്കുന്നതെങ്കിൽ, കാരണം വ്യക്തമാക്കണം. വെളിപ്പാടിൽ അങ്ങനെയല്ല. ചിത്രരൂപത്തിൽ, ഈ പുസ്തകത്തിൽ അവതരിപ്പിച്ചിട്ടുള്ളത്, ചിഹ്നങ്ങൾ അക്ഷരികമായി എടുക്കുവാൻ നല്ല കാരണമില്ലെങ്കിൽ, ആലങ്കാരികമായി എടുക്കണമെന്ന് ബോധ്യപ്പെടുത്തുവാനാണ്.[9]

"അതിന്റെ അർത്ഥമാണ് പുസ്തകം പറയുന്നത്. പറയുന്നത് അതിന്റെ അർത്ഥമായിരിക്കും" എന്ന ഒരു പ്രയോഗം എന്റെ ബാല്യകാലത്ത് ഞാൻ കേട്ടിട്ടുണ്ട്. അക്ഷരിക ഭാഷയെ സംബന്ധിച്ച് ആ തത്വം അന്വർത്ഥമാണ് - ബൈബിളിൽ അധികവും അക്ഷരിക ഭാഷയിലാണ്

എഴുതിയിരിക്കുന്നത് - എന്നാൽ അത് സംഖ്യാപരമായ ഭാഷക്ക് യോജിക്കുന്നതല്ല. ആലങ്കാരിക ഭാഷ "അതിന്റെ അർത്ഥ*മല്ല* പുസ്തകം പറയുന്നത്, അതർത്ഥമാക്കുന്നതല്ല പറയുന്നതും."

''ചിഹ്നങ്ങൾ ആലങ്കാരികമായി എടുക്കണം,'' എന്നു നാം മനസിലാക്കിയാൽ, അതിന്റെ ആലങ്കാരിക അർത്ഥം മനസിലാക്കുവാനുള്ള വെല്ലുവിളി നാം സ്വീകരിക്കും. നമുക്ക് അതെങ്ങനെ കഴിയും? ചിലപ്പോൾ, ചിഹ്നം എന്താണ് അർത്ഥമാക്കുന്നതെന്ന് വേദഭാഗം തന്നെ പറയും,[10] ഉദാഹരണത്തിന്, അദ്ധ്യായം 1-ൽ പറയുന്ന ഏഴ് നിലവിളക്കുകൾ ആസ്യയിലെ ഏഴ് സഭകളാണെന്ന് താഴെ വിശദമാക്കിയിരിക്കുന്നു (1:12, 20). ധൂപവർഗം നിറഞ്ഞ പൊൻ കലശം വിശുദ്ധന്മാരുടെ പ്രാർത്ഥനയാണെന്ന് അവിടെ പറഞ്ഞിരിക്കുന്നു (5:8).

ചിലപ്പോൾ സന്ദർഭം സഹായിക്കും. ഉദാഹരണത്തിന്, സന്ദർഭം പറയുന്നു, വാക്യം 4 ലെ "ഏഴ് ആത്മാക്കൾ" പരിശുദ്ധാത്മാവാണ് എന്ന്.[11]

വീണ്ടും, പൊതുവിൽ അപോകാലിപ്റ്റിക് സാഹിത്യത്തിൽ എഴുതിയിരിക്കുന്നതിൽ ഉപയോഗിച്ചിരിക്കുന്ന ചില ചിഹ്നങ്ങൾ തന്നെ നമ്മെ സഹായിക്കുന്നുണ്ട്. ഉദാഹരണത്തിന്, അത്തരം സാഹിത്യത്തിന്, സൂചിപ്പിക്കുവാനുള്ള ശക്തിയുണ്ട്.

ചരിത്രപശ്ചാത്തലം പരിചയപ്പെടുക എന്നതാണ് സഹായിക്കുന്നതിനുള്ള പ്രധാനപ്പെട്ട വഴി. വെളിപ്പാട് പുസ്തകം "തീർച്ചയായും *വേരൂന്നിയിരിക്കുന്നത്* ആനുകാലിക സംഭവങ്ങളിലും സാഹചര്യങ്ങളിലുമായതുകൊണ്ട്, അതിനോട് യോജിച്ച് വേണം വ്യാഖ്യാനിക്കുവാൻ" എന്ന് വില്യം ഹെൻഡ്രിക്സൺ നിരീക്ഷിക്കയുണ്ടായി.[12] നിങ്ങളുടെ പഠനത്തിന് സഹായകരമായി ചരിത്രപശ്ചാത്തലം ലഭിക്കേണ്ടതിന് അടുത്ത പാഠത്തിൽ റോമാ സാമ്രാജ്യത്തെ കുറിച്ച് ഒരവലോകനം ഞാൻ നടത്തുന്നുണ്ട്.

സഹായകരമായ ഏറ്റവും നല്ല വഴികളിലൊന്ന് പഴയ നിയമം അറിയലാണ്. നാനൂറിലധികം പഴയനിയമ വാക്യങ്ങൾ വെളിപ്പാട് പുസ്തകത്തിൽ വരുന്നുണ്ട്. അടുത്ത പാഠത്തിൽ പല പഴയനിയമ വാക്യങ്ങളും അവ വെളിപ്പാട് പുസ്തകത്തിൽ എവിടെയാണെന്നും നാം പഠിക്കും.

നമ്മുടെ വ്യാഖ്യാനത്തിന് ഒരു ആരംഭ സ്ഥാനം ലഭിച്ചാൽ, പിന്നെ അടിസ്ഥാനപരമായ ഹെർമെന്യൂട്ടിക്സ് (ബൈബിൾ വ്യാഖ്യാനം) ഉപയോഗിക്കണം. ആലങ്കാരിക ഭാഷയാണെങ്കിൽ നാം രണ്ട് തത്വങ്ങൾ പിൻപറ്റണം. ആദ്യം സംഖ്യയെ അതു സൂചിപ്പിക്കുന്ന *ബൈബിൾസംബന്ധമായ വ്യാഖ്യാനം നടത്തുക*. അത് ഉപയോഗിച്ചിരിക്കുന്ന സംഖ്യയുടെ സ്വഭാവം നോക്കിയും, വ്യക്തിയുടെ അല്ലെങ്കിൽ വസ്തുവിന്റെ സ്വഭാവം നോക്കിയുമാകണം. പിന്നെ അവയുടെ സാമ്യവും നോക്കണം. ഉദാഹരണത്തിന്, ലൂക്കൊസ് 13:32-ൽ യേശു ഹെരോദാവിനെ കുറുക്കൻ എന്നു വിളിച്ചു. ഹെരോദാവിന്റെ സ്വഭാവത്തെ കുറുക്കന്റെ സ്വഭാവവുമായി താരതമ്യം ചെയ്താൽ, യേശു അർത്ഥമാക്കിയത് ഹെരോദാവിന്റെ കാപട്യവും കൗശലവുമാണ് എന്ന് തീർച്ചയാക്കാം. അതുപോലെ, പ്രാദേശിക ഇടവകകളെ നിലവിളക്കുകളായി പറഞ്ഞിട്ടുണ്ട്. അന്നത്തെ നിലവിളക്കിന്റെ ഉദ്ദേശം നാം നോക്കിയാൽ, ക്രിസ്ത്യാനികൾക്ക് നൽകിയ വെല്ലുവിളിയും നോക്കിയാൽ അവർ ഇരുട്ടുള്ള ലോകത്തിൽ വെളിച്ചമായി തീരണം (മത്തായി 5:14; ഫിലിപ്പിയർ 2:15, 16), എന്ന അർത്ഥം വളരെ വ്യക്തമാണ്: സത്യവെളിച്ചം

പിടിക്കേണ്ട ഉത്തരവാദിത്വം സഭക്കുണ്ട്.[13]

*സംഖ്യക്ക് കൂടുതൽ ഊന്നൽ* കൊടുക്കുന്നത് *ഒഴിവാക്കുക* എന്നതാണ് ആലങ്കാരിക ഭാഷയെ സംബന്ധിച്ച രണ്ടാമത്തെ അടിസ്ഥാന തത്വം. "മറുകിന്റെ പ്രാധാന്യത്തെ നോക്കരുത്" എന്ന് ആരോ പറഞ്ഞിട്ടുണ്ട്. ഒരു അടയാളം സാധാരണ ഒറ്റ ആശയത്തെ പ്രകടിപ്പിക്കുവാനാണ് ഉപയോഗിക്കുന്നത്; അതിന്റെ ഓരോ വിശദാംശത്തിനും നാം പ്രാധാന്യം കൊടുത്താൽ, അത് അടയാളത്തോട് കാണിക്കുന്ന അനീതിയായിരിക്കും. ഉദാഹരണത്തിന്, ദൈവജനത്തെ ആടുകൾ എന്ന് വിശേഷിപ്പിച്ചിട്ടുണ്ട് (യോഹന്നാൻ 10:16), എന്നാൽ അതിനർത്ഥം ക്രിസ്ത്യാനികൾ കമ്പിളിരോമത്തോടുകൂടെ നടന്ന് പുല്ല് തിന്നുക എന്നല്ല. വെളിപ്പാട് പുസ്തകം മനസിലാക്കുവാൻ ഈ സാമാന്യ തത്വം നാം സ്വീകരിക്കണം. "ഒരു വേദഭാഗത്തിന്റെ ഏറ്റവും ചെറിയ വാക്കിന്റെ പോലും വിശദാംശം നോക്കുകയല്ല, മറിച്ച് പല വിശാംശത്തിന്റേയും നാടകീയ ഫലത്തെയാണ് നോക്കേണ്ടത്. ഒരു ദർശനത്തിന്റെ വിശദാംശത്തിനു പ്രാധാന്യമുണ്ടായിരിക്കാം, എന്നാൽ മിക്ക സന്ദർഭങ്ങളിലും അവ ഉപയോഗിച്ചിരിക്കുന്നത് രംഗത്തിലെ വിടവ് നികത്തുവാനായിരിക്കും" എന്ന് റേസമ്മേഴ്സ് ഊന്നി പറയുകയുണ്ടായി.[14]

നമുക്ക് ഒരു സമാന്തരത വരക്കാം: നിങ്ങൾ ഒരു പരേഡ് നോക്കുകയാണെന്ന് വിചാരിക്കുക. ഒരു ഫ്ളോട്ട് വളരെ വേഗത്തിൽ പോകുന്നു.[15] "ദ സ്പിരിറ്റ് ഓഫ് പ്രോഗ്രസ്" എന്ന ലേബലോടുകൂടെ അതു പുഷ്പാലംകൃതമാണ്. ഓരോ റോസാ പുഷ്പത്തിന്റേയും, ഓരോ ഡെയിസിയുടേയും അർത്ഥം നിങ്ങൾ ചോദിക്കുമോ – അല്ലെങ്കിൽ, ഓരോ പുഷ്പവും അതിലൊട്ടിച്ചിരിക്കുന്ന "ദ സ്പിരിറ്റ് ഓഫ് പ്രോഗ്രസ്" എന്ന ആശയത്തിന് മാറ്റ് കൂട്ടുന്നതാണ് എന്ന് വിചാരിക്കുമോ? അതുപോലെ, വെളിപ്പാട് പുസ്തകം നാം വായിക്കുമ്പോൾ അതിന്റെ മൊത്തത്തിലുള്ള സന്ദേശമാണ് നോക്കുന്നത്, അല്ലാതെ എല്ലാ നിസാരമായവയുടേയും വിശദാംശങ്ങൾ തേടുകയല്ല.

നാം ഓരോ ദർശനം പഠിക്കുമ്പോഴും, നിങ്ങൾ മൂന്നു പടികളിൽകൂടെ കടന്നുപോകേണ്ടതായിട്ടുണ്ട്: (1) "വലിയ ചിത്രം" നോക്കുക – പ്രാഥമിക സന്ദേശം; (2) വിശദാംശങ്ങൾ പരിശോധിച്ച് അത് സന്ദേശത്തോട് എന്തെങ്കിലും കൂട്ടുന്നുണ്ടോ എന്ന് നോക്കുക; (3) പിന്നീട്, "വലിയ ചിത്രം" വീണ്ടും നോക്കുക, അല്ലെങ്കിൽ അതിന്റെ കാഴ്ച്ച നിങ്ങൾക്ക് നഷ്ടമാകും.[16]

ഹെർമെന്യൂട്ടിക്സിന്റെ (വ്യാഖ്യാന രീതി) *പ്രത്യേക* നിയമങ്ങൾക്ക് *പുറമെ*, വെളിപ്പാട് പുസ്തക പഠനത്തിന് ഹെർമെന്യൂട്ടിക്സിന്റെ പല തത്വങ്ങളും ഉപയോഗിക്കണം.[17] നിങ്ങൾ ഓർത്തിരിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഇതാ ചിലത്:

*മറഞ്ഞിരിക്കുന്ന വേദഭാഗത്തിൽ ഒരിക്കലും മുഖ്യമായ ഒരു ഉപദേശം അടിസ്ഥാനപ്പെടുത്തരുത്.* വെളിപ്പാട് പുസ്തകത്തിലെ ഏതൊരു പ്രാഥമിക ഉപദേശവും ആലങ്കാരിക വേദഭാഗത്തെ അടിസ്ഥാനപ്പെടുത്തുന്നതാണെങ്കിൽ നാം സംശയിക്കണം. ഈ തത്വം ലംഘിക്കുന്നതിന്റെ ഫലമായിട്ടാണ് യേശു ഈ ഭൂമിയിൽ വന്ന് യെരുശലേമിൽ ആയിരമാണ്ട് അക്ഷരികമായി വാഴും എന്ന സിദ്ധാന്തം ഉടലെടുത്തത്.

*സംഖ്യാപരമായ വേദഭാഗം മറ്റുഭാഗങ്ങളിലെ വ്യക്തമായ ഉപദേശത്തിന് വിപരീതമാകുന്ന വിധത്തിൽ ഒരിക്കലും വ്യാഖ്യാനിക്കരുത്.* ഇത് ലംഘിക്കുന്നതിന്റെ ഉദാഹരണമാണ്, 144,000 പേർ മാത്രമെ സ്വർഗത്തിൽ

പോകയുള്ളു, ബാക്കിയുള്ളവരെല്ലാം യഥാസ്ഥാനപ്പോടുത്തിയ ഭൂമിയിൽ തന്നെ ആയിരിക്കുമെന്ന യെഹോവാ സാക്ഷികളുടെ ഉപദേശം. അതിനെതിരാണ് എല്ലാ വിശ്വസ്തരായവരും സ്വർഗത്തിൽ പോകുമെന്ന് പറയുന്ന 1 പത്രൊസ് 1:3-5 ഉം മറ്റു വേദഭാഗങ്ങളും. അക്ഷരികഭാഷക്ക് മനോഹാരിത വർദ്ധിപ്പിക്കുന്നതാണ് സംഖ്യാപരമായ ഭാഷ, എന്നാൽ അതിന് വ്യത്യസ്തമായി പഠിപ്പിക്കുവാൻ കഴിയുകയില്ല. പുതിയനിയമത്തിൽ മറ്റുഭാഗങ്ങളിലില്ലാത്ത ഉപദേശമൊന്നും വെളിപ്പാട് പുസ്തകത്തിലില്ല. അതുകൊണ്ട് വെളിപ്പാട് പുസ്തകത്തിലെ എല്ലാ ഉപദേശവും പുതിയ നിയമത്തിലെ മറ്റു വേദഭാഗങ്ങളുമായി യോജിക്കുന്നതായിരിക്കണം.

വെളിപ്പാട് പഠനത്തിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്ന മറ്റൊരു തത്വമുണ്ട്: *വാക്യാലങ്കാരത്തിന്റെ അർത്ഥം മാറുന്നതാണ് എന്ന് മനസിലാക്കുക.* ഒരു അടയാളത്തിന് ഒരിക്കൽ ഒരർത്ഥവും മറ്റൊരിക്കൽ വേറൊരർത്ഥവുമായിരിക്കും. ഉദാഹരണത്തിന്, ആളുകളെ ആടുകളായി പറഞ്ഞപ്പോൾ (യെശയ്യാവ് 53:6; 1 പത്രൊസ് 2:25), ആടുകളിൽനിന്നു ചുരുക്കമായി മാത്രം പ്രതീക്ഷിക്കാവുന്ന സ്വഭാവമായിരുന്നു പൊതുവിൽ ദൈവശ്വാസിയ എഴുത്തുകാരുടെ മനസിൽ. നേരെ മറിച്ച് യേശുവിനെ ഒരു ആടായി താരതമ്യം ചെയ്തപ്പോൾ (യെശയ്യാവ് 53:7; പ്രവൃത്തികൾ 8:32; കൂടാതെ യോഹന്നാൻ 1:29; വെളിപ്പാട് 5:6 എന്നിവയും നോക്കുക), ആടിന്റെ ഏറ്റവും ആഗ്രഹിക്കത്തക്ക ഗുണമാണ് എഴുത്തുകാരുടെ മനസിലുണ്ടായിരുന്നത്.

ഒരു അടയാളം എവിടെയാണെങ്കിലും, സന്ദർഭം എന്തായാലും അർത്ഥം ഒന്നു തന്നെയായിരിക്കുമെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിലുള്ള ചില വ്യാഖ്യാന വ്യവസ്ഥകളുണ്ട്; എന്നാൽ അത് ഒരു തെറ്റായ നിഗമനമാണ്. അടുത്ത പാഠത്തിൽ നാം കാണുവാൻ പോകുന്നതുപോലെ, പഴയനിയമ വാക്യം അതിന്റെ വെളിപ്പാടിലെ പകർപ്പുമായി താരതമ്യം ചെയ്യുമ്പോൾ, നാം "ട്വിസ്റ്റ്" നോക്കണം - വേറൊന്നുള്ളതിന്റെ സൂചന എന്തെന്നാൽ അർത്ഥം "ട്വിസ്റ്റ്" ആയിരിക്കുമെന്നാണ്. ഒന്നുകിൽ താരതമ്യം കാണിക്കുവാനോ അല്ലെങ്കിൽ വ്യത്യാസം കാണിക്കുവാനോ ഒരേ അടയാളങ്ങൾ ഉപയോഗിച്ചിരിക്കുന്നത്, നാം വേദഭാഗം പഠിക്കുമ്പോൾ കാണും. അതിനുള്ള ഉദാഹരണമാണ് അദ്ധ്യായം 1 ലെ ഏഴ് നിലവിളക്കുകളും (സഭകൾ) അദ്ധ്യായം 4 ലെ ഏഴ് വിളക്കുകളും (പരിശുദ്ധാത്മാവ്). അദ്ധ്യായം 12 ലേയും 17 ലേയും രണ്ട് സ്ത്രീകൾ (ഒന്ന് വിശുദ്ധയും മറ്റൊന്ന് വേശ്യയും).

വ്യാഖ്യാനതത്വങ്ങൾ വേറെയും വേണമെങ്കിൽ നമുക്ക് നോക്കുവാൻ കഴിയും, എന്നാൽ തൽക്കാലം ഇത്രയും മതിയാകും. ചിലപ്പോൾ ഈ എല്ലാ നിർദ്ദേശങ്ങളും അല്പസഹായമേ നൽകുന്നുള്ളായിരിക്കാം. ചിലപ്പോൾ, ചില അടയാളത്തിന്റെ അർത്ഥം നമുക്ക് അറിയില്ല എന്ന് നാം സമ്മതിക്കണം. അത് അങ്ങനെയാകുമ്പോൾ, ഹൂഗോ മെക്കോർഡ് നമ്മെ ഓർപ്പിക്കുന്നത്, "മറഞ്ഞിരിക്കുന്ന കാര്യങ്ങൾ യഹോവക്കുള്ളത്" (ആവർത്തനപുസ്തകം 29:29), വചനത്തോടു കൂട്ടുവാനോ, എഴുതിയിരിക്കുന്നതിന് അപ്പുറം ഭാവിക്കുവാനോ നാം ശ്രമിക്കരുത് (1 കൊരിന്ത്യർ 4:6; വെളിപ്പാട് 22:18, 19), അഭിപ്രായം ഒരിക്കലും ദൈവജനത്തിന്റെ ഐക്യം തകർക്കുവാൻ അനുവദിക്കരുത് (സദൃശവാക്യം 6:19; റോമർ 14:19, 22; എബ്രായർ 13:1).[18]

### വിവിധ രീതികളിലുള്ള ചില അടയാളങ്ങൾ ഏവ?

പലവിധത്തിലുള്ള അടയാളങ്ങൾ വെളിപ്പാട് പുസ്തകത്തിൽ ഉപയോഗിച്ചിട്ടുണ്ട്, എന്നാൽ മുഖ്യമായത് നാലെണ്ണമാണ്: (1) സംഖ്യകൾ ആലങ്കാരികമായി ഉപയോഗിച്ചിരിക്കുന്നു. (2) പഴയനിയമത്തിൽനിന്നുള്ള അലങ്കാരങ്ങൾ. (3) ചരിത്രപശ്ചാത്തലത്തെ ആസ്പദമാക്കിയുള്ള അടയാളങ്ങളും (4) വെളിപ്പാടിൽ പ്രത്യേകതയുള്ള അടയാളങ്ങളും. അടയാളങ്ങൾ എങ്ങനെ മനസിലാക്കാമെന്ന് ചിത്രീകരിക്കുവാൻ ഈ പാഠത്തിൽ നാം ഒന്നാമത്തേത് ഉപയോഗിച്ചിരിക്കുന്നു. അടുത്തതിൽ നാം പിന്നീടുള്ള മൂന്നും പരിശോധിക്കും.

വെളിപ്പാട് പുസ്തകത്തിലെ ഏറ്റവും പ്രധാനപ്പെട്ട അലങ്കാരം ഒരുപക്ഷെ അതിലെ സംഖ്യകളുടെ ഉപയോഗമായിരിക്കാം. സമ്മേഴ്സ് എന്നയാൾ ഈ പരാമർശം നടത്തിയിരിക്കുന്നു:

> ആദ്യകാലത്ത്, ഭാഷയുടെ തുടക്കത്തിൽ, അക്ഷരമാലകൾ കുറവായിരുന്നതുകൊണ്ട്, ഒരു എബ്രായ വാക്ക് ചിലപ്പോൾ പല അർത്ഥങ്ങൾ പ്രകടിപ്പിക്കുന്ന സംഖ്യാസൂചകങ്ങളായിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ ആളുകൾ നാം ഇന്ന് വാക്കുകൾ ഉപയോഗിക്കുന്നതുപോലെ സംഖ്യകളാണ് ഉപയോഗിച്ചിരുന്നത്. അവ ധാർമ്മികമോ ആത്മികമോ ആയ സത്യങ്ങളുടെ അടയാളമായിരുന്നു. ചില സംഖ്യകൾ തീർച്ചയുള്ള ആശയത്തെ സൂചിപ്പിച്ചിരുന്നു ... അത്തരം സംഖ്യകൾ ... ഗണിതശാസ്ത്ര ഫോർമുലയനുസരിച്ച് അക്ഷരിക കൃത്യത വരുത്തുവാൻ കഴിയുന്നതല്ല.[19]

(ഒരു സംഖ്യ എങ്ങനെ ആലങ്കാരിക പ്രാധാന്യമുള്ളതാക്കുന്നു എന്ന ചിത്രീകരണം മനസിലാക്കുവാൻ, "പതിമൂന്ന്" എന്ന സംഖ്യ അശുഭമായി കണക്കാക്കുന്നത് ചിന്തിക്കുക.[20])

നിങ്ങൾ വെളിപ്പാട് പുസ്തകത്തിലെ സംഖ്യകളെല്ലാം ഒരു ചുവന്ന പേന കൊണ്ട് അടയാളപ്പെടുത്തുകയാണെങ്കിൽ, അത് ഏതാണ്ട് അഞ്ചാംപനി പിടിച്ചതുപോലെ കാണാം.[21] ഞാൻ വെളിപ്പാട് പഠിപ്പിക്കുമ്പോൾ, പുസ്തകത്തിൽ കാണുന്ന സംഖ്യകളുടെ ഒരു പട്ടിക തയ്യാറാക്കി വിദ്യാർത്ഥികൾക്ക് കൊടുക്കാറുണ്ട്. അത് കണ്ട് വിദ്യാർത്ഥികൾ പലപ്പോഴും അതിശയിക്കാറുണ്ട്. അപ്പോൾ അവരുടെ പരിഭ്രമം മാറ്റുവാനായി, പെട്ടെന്ന് ഞാൻ പറയും ഈ സംഖ്യാപരമായ അടയാളങ്ങൾ *മൂന്ന്* സംഖ്യകളിൽ നിന്ന് രൂപപ്പെട്ടതാണ് എന്ന്: "മൂന്ന്," "നാല്," "പത്ത്":

"മൂന്ന്" എന്ന സംഖ്യ *ദൈവികത്വ*മായിട്ടാണ് പലരും കണക്കാക്കിയിരുന്നത്. അപ്രകാരമാണ് അപ്പനും അമ്മക്കും മകനും അല്ലെങ്കിൽ മകൾക്കുമിടയിലുള്ള സ്നേഹത്തിന് കാരണം എന്ന് ചിലർ വിശ്വസിക്കുന്നുണ്ട്. ഒരുപക്ഷെ ഈ കാഴ്ച്ചപ്പാടായിരിക്കാം "ത്രിത്വം"[22] എന്നതിന്റെ പിന്നിലുണ്ടായിരുന്നത്: പിതാവും, പുത്രനും, പരിശുദ്ധാത്മാവും. ഹോമർ ഹെയിലി പറഞ്ഞു, "തിരുവെഴുത്തു മുഴുവൻ പരിശോധിക്കുമ്പോൾ, 'മുഴുൻ ക്രമത്തിന്റെയും ആലങ്കാരിക പൂർണ്ണതയായിട്ടാണ് മൂന്ന് കാണപ്പെടുന്നത്.' "[23]

രണ്ടാമത്തെ മുഖ്യ സംഖ്യയായ "നാല്," "പ്രപഞ്ചസംബന്ധിയായ" ഒരു സംഖ്യയായിട്ടായിരുന്നു കണക്കാക്കിയിരുന്നത്.[24]- അത് *സൃഷ്ടിത്വ*

സംഖ്യയാണ്. ഒരുപക്ഷെ അത് നാല് ദിശകളുള്ളതുകൊണ്ടാകാം, വടക്ക്, തെക്ക്, കിഴക്ക്, പടിഞ്ഞാറ്. വെളിപ്പാടിൽ "നാല്" പലപ്പോഴും മൊത്തത്തിൽ മനുഷ്യരെയാണ് സൂചിപ്പിക്കുന്നത്.

"പത്തിലേക്ക്" നാം കടക്കുന്നതിന് മുമ്പ്, "ഏഴ്" (മൂന്ന് അധികം നാല്[25]) തുടങ്ങുവാൻ, നമുക്ക് മൂന്നും നാലും യോജിപ്പിച്ചിരിക്കുന്നതു നോക്കാം. "ഏഴ്" എന്ന സംഖ്യ വെളിപ്പാട് പുസ്തകത്തിൽ അടിക്കടി ഉപയോഗിച്ചിരിക്കുന്നതു കാണുമ്പോൾ സാധാരണ വായനക്കാരനുപോലും അന്ധാളിപ്പുണ്ടായേക്കാം; പുസ്തകത്തിൽ ആ സംഖ്യ അൻപതിലധികം പ്രാവശ്യം കാണാം.[26] "ഏഴ്" – "എബ്രായർക്ക് ഏറ്റവും വിശുദ്ധമായ സംഖ്യയാണ്."[27] – അത് *പൂർണ്ണതയെ* കാണിക്കുന്നതാണ്. (ഉള്ളതെല്ലാം അടങ്ങുന്നതാണ് ദൈവികത്വം അധികം പ്രപഞ്ചം.)

മറ്റൊരു യോജിപ്പ് സംഖ്യയാണ് "പന്ത്രണ്ട്" (നാല് മൂന്നു പ്രാവശ്യം). "പന്ത്രണ്ട്" തിരുവെഴുത്തിൽ അടിക്കടി ഉപയോഗിച്ചിട്ടുണ്ട്: യിസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങൾ, പന്ത്രണ്ട് അപ്പൊസ്തലന്മാർ, തുടങ്ങിയവ. "പന്ത്രണ്ടിനെ" പന്ത്രണ്ടുകൊണ്ട് ഗുണിച്ചാൽ (കിട്ടുന്ന "144") വെളിപ്പാടിൽ പലപ്പോഴും കാണാം. പന്ത്രണ്ട് ദൈവികത്വവും സൃഷ്ടിത്വവും ചേരുന്നതാണ് പന്ത്രണ്ട് (ഉള്ളതെല്ലാം) എന്നതുകൊണ്ട്, അതിൽ *പൂർണ്ണത* എന്ന ആശയം രൂപപ്പെട്ടിരിക്കുന്നു. (അത് ദൈവികത്വവും അധികം പ്രപഞ്ചവും സമം ഉള്ളതെല്ലാം.)

വെളിപ്പാട് പുസ്തകത്തിലെ മൂന്നാമത്തെ മുഖ്യ സംഖ്യയിലേക്കാണ് നാം ഇപ്പോൾ വന്നിരിക്കുന്നത്: "പത്ത്." പൂർണ്ണത, തികവ്, അല്ലെങ്കിൽ ശക്തി – ഒരുപക്ഷെ ഒരാൾക്ക് "പത്ത്" വിരലുകളാണ്[28] എന്ന ആശയത്തിൽനിന്നുവന്നതായി സൂചിപ്പിക്കുന്നതുമാകാം "പത്ത്." "പത്ത്" മനുഷ്യരുമായി അടുത്ത് ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട്, അതു പ്രത്യേകിച്ച് മനുഷ്യരുടെ പൂർണ്ണതയെയാണ് വ്യക്തമാക്കുന്നത്. പത്തിനെ പത്തുകൊണ്ട് ഗുണിക്കുമ്പോൾ (100 അല്ലെങ്കിൽ 1,000 കിട്ടുന്നു),[29] അതിന് അതിനേക്കാൾ പ്രാധാന്യമുണ്ട്. കൂടാതെ "പത്തിനോട്" ബന്ധമുള്ള സംഖ്യയാണ് "അഞ്ച്" (പത്തിന്റെ പകുതി). ഒരു കൈയ്ക്ക് "അഞ്ച്" വിരലുകളുള്ളത് സൂചിപ്പിക്കുന്നത് മിതമായ ശക്തി അല്ലെങ്കിൽ കാലയളവിനെയാണ്.

ഇതിനുപുറമെ അടിസ്ഥാന സംഖ്യയായ – "ഒന്നിനെ" – ചുരുക്കി പറയേണ്ടതുണ്ട്. ഒന്ന് എന്ന സംഖ്യ ഐക്യത എന്ന ആശയത്തെ വ്യക്തമാക്കുന്നു (17:13 നോക്കുക), എന്നാൽ വെളിപ്പാടിൽ അതു മുഖ്യമായി ഉപയോഗിച്ചിരിക്കുന്നത് "ഒരു നാഴിക" എന്ന പദപ്രയോഗത്തിലാണ്, അത് തനിയെ നിൽക്കുന്നതും താരതമ്യേന ബലഹീനതയെയുമാണ് സൂചിപ്പിക്കുന്നത്. ("ഒരു നാഴിക" സൂചിപ്പിക്കുന്നത് കുറഞ്ഞ സമയത്തെയും പെട്ടെന്ന് കടന്നുപോകുന്നതിനെയുമാണ്.) ഒന്നിന്റെ ഇരട്ടിയാണ് *രണ്ട്* എന്നത് നമ്മുടെ പഠനത്തിന്റെ പ്രാധാന്യത്തെ വർദ്ധിപ്പിക്കുന്നു. "രണ്ട്" എന്ന സംഖ്യ ശക്തിപ്പെടുത്തുന്നതാണ് (സഭാപ്രസംഗി 4:9–11; ആവർത്തനപുസ്തകം 17:6; 19:15; ലൂക്കൊസ് 10:1). നാം രണ്ട് സാക്ഷികളെയും (11:3) രണ്ടിന്റെ ഗുണന സംഖ്യകൾ ശക്തിപ്പെടുത്തുന്നതായും കാണുന്നുണ്ട്.

വെളിപ്പാട് പുസ്തകത്തിലെ ശേഷിച്ച മിക്ക സംഖ്യകളും ഈ സംഖ്യകളുടെ സംയോജനങ്ങളാണ് എന്ന് നാം പറഞ്ഞുകഴിഞ്ഞല്ലൊ. എങ്ങനെയായാലും, മുഴുവൻ പട്ടികയും ഞാൻ നിങ്ങൾക്ക് തരുന്നതിനുമുമ്പ് ഏറ്റവും

പ്രധാനപ്പെട്ട സംഖ്യയിലേക്ക് നമുക്ക് മടങ്ങി വരേണ്ടതുണ്ട് – "ഏഴ്," ഈ സംഖ്യയുടെ ചില വകഭേദങ്ങളും പരിഗണിക്കാം.[30] ഉദാഹരണത്തിന്, "ആറ്" എന്ന സംഖ്യ എടുക്കുക. ഏഴിൽനിന്ന് ഒന്ന് കുറവുള്ളതാണ് ആറ്; "ഏഴ്" പൂർണ്ണതയെ കാണിക്കുന്നതുകൊണ്ട്, "ആറ്" *അപൂർണ്ണത* അല്ലെങ്കിൽ ദുഷ്ടതയെ കാണിക്കുന്നു.[31] ആറ് ഏഴിനോട് *അടുത്തുവരുന്നതു*കൊണ്ട് "ആറ്" വഞ്ചനയെ സൂചിപ്പിക്കുന്നു. അവസാനം, "ആറ്" വിപത്തിനെ മുന്നറിയിക്കുവാൻ ഉപയോഗിച്ചിരിക്കുന്നു. 13:18 ലെ ദുഷ്ക്കീർത്തിപരമായ "666" വരുമ്പോൾ ഇത് ഓർമ്മിക്കുക.

വെളിപ്പാട് പുസ്തകത്തിലെ ഏഴിന്റെ ഏറ്റവും രസകരമായ വകഭേദമാണ് "$3^1/2$" (ഏഴിന്റെ പകുതി) "ഏഴ്" പൂർണ്ണതയെ കാണിക്കുന്നതുകൊണ്ട് "$3^1/2$" *അപൂർണ്ണതയെ* കാണിക്കുന്നു. പരീക്ഷണം, പരിശോധന, പ്രയാസം എന്നിവയോടുകൂടിയാണ് വെളിപ്പാടിൽ പൊതുവായി ആ സംഖ്യ ഉപയോഗിച്ചിരിക്കുന്നത് (വരുവാനിരിക്കുന്ന നല്ല സമയത്തെ അന്തർലീനമാക്കുന്നു). "$3^1/2$" പല രീതിയിൽ വെളിപ്പാട് പുസ്തകത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, "നാൽപത്തിരണ്ട് മാസവും" "1,260 ദിവസവും" "$3^1/2$" വർഷത്തിന് പറയുന്ന മറ്റൊരു രീതിയാണ്. പ്രത്യേകിച്ച്, ആകർഷണീയമായ പ്രയോഗമാണ് "ഒരുകാലവും ഇരുകാലവും അര കാലവും." വെളിപ്പാട് 12-ൽ, "ആയിരത്തി ഇരുന്നൂറ്റി അറുപത് ദിവസം" (വാ. 6), എന്നും "ഒരു കാലവും ഇരുകാലവും അര കാലവും" എന്നും മാറി മാറി ഉപയോഗിച്ചിരിക്കുന്നു (വാ. 14).[32] "ഒരു കാലവും ഇരുകാലവും അര കാലവും" എന്നത് മറ്റൊരു വിധത്തിൽ പറയുന്നതാണ് "$3^1/2$" വർഷം എന്നത്.

വെളിപ്പാട് പുസ്തകത്തിൽ ഉപയോഗിച്ച മിക്ക സംഖ്യകളുടേയും ഒരു പട്ടിക ഈ പാഠത്തിന്റെ അവസാനം ഞാൻ നൽകുന്നതാണ്.[33] ആ സംഖ്യകൾ എങ്ങനെ ഒന്ന്, മൂന്ന്, നാല്,/പത്ത് എന്നിവയോട് ബന്ധപ്പെട്ടിരിക്കുന്നു എന്ന് നോക്കുക. ആ പട്ടിക എടുത്ത് നിങ്ങൾ വെളിപ്പാട് പുസ്തകം വായിക്കുമ്പോൾ വേണമെങ്കിൽ പരിശോധിക്കാവുന്നതാണ്.

ഈ മുഴുവൻ സംഖ്യകൾക്ക് പുറമെ വെളിപ്പാട് പുസ്തകത്തിൽ ചില ഛേദിക്കലും ഉപയോഗിച്ചിട്ടുണ്ട്, പൊതുവിൽ, ഇവയുടെ അർത്ഥം "മുഴുവൻ അല്ല ഒരംശം മാത്രം." ($^1/10$ = ചെറിയ ഒരംശം, $^1/4$ = കുറച്ച്, $^1/3$ = സാധൂകരിക്കുന്ന ഭാഗം[34]). എല്ലാമല്ലെങ്കിൽ, ഈ മിക്ക ഛേദങ്ങളും ദൈവത്തിന്റെ ന്യായവിധിയുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. വെളിപ്പാട് പുസ്തകത്തിലെ ഈ ഛേദങ്ങൾ "ഇപ്പോൾ ഒരു ഭാഗം നൽകുകയും" "ബാക്കിയുള്ളത് പിന്നീട് വരും" എന്ന് അന്തർലീനമാക്കുന്നതാണ് അതെന്ന് ജിം മെക്ഗ്വിഗാൻ പറയുകയുണ്ടായി.[35]

ഈ ഭാഗം ഞാൻ അവസാനിപ്പിക്കുന്നതിന് മുൻപ്, വെളിപ്പാട് പുസ്തകത്തിലെ സംഖ്യകൾ വ്യാഖ്യാനിക്കുന്നത് സംബന്ധിച്ച് രണ്ട് മുന്നറിയിപ്പുകൾ നൽകുവാൻ ആഗ്രഹിക്കുന്നു:

(1) നിങ്ങളുടെ ഭാവന അതിർ കടക്കരുത്. ബ്രൂസ് മെറ്റ്സ്ഗർ മുന്നറിയിച്ചിരിക്കുന്നു, "പ്രത്യേകമായി നമ്മുടെ *ഭാവന* ആവശ്യപ്പെടുന്നതാണ് വെളിപ്പാട് പുസ്തകം – എങ്ങനെയായാലും, സ്വന്ത നിലക്കുള്ള ഭാവനയല്ല, എന്നാൽ അച്ചടക്കമുള്ള ഒരു ഭാവനയാണ്."[36] പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന സംഖ്യകളും മറ്റ് യെഹൂദ എഴുത്തുകളും – പ്രത്യേകിച്ച് അപൊകാലിപ്റ്റിക് സാഹിത്യം പരിശോധിച്ചതിന്റെ ഫലമായിട്ടുള്ളതാണ്,

ആലങ്കാരിക അർത്ഥം പറഞ്ഞിട്ടുള്ളത്. ആ ആശയങ്ങൾ വെളിപ്പാട് പുസ്തകത്തിന് വേണ്ടി കണ്ടുപിടിച്ചതല്ല; അവ പുസ്തക വ്യാഖ്യാനത്തിനായി നിയന്ത്രണമില്ലാത്ത ഭാവന അടിച്ചേല്പിച്ചതുമല്ല.

(2) അപോകാലിപ്റ്റിക് സാഹിത്യത്തിൽ സംഖ്യകൾ ആലങ്കാരികമായി ഉപയോഗിക്കുന്നത് മാന്ത്രിക സംഖ്യാജോതിഷ്യത്തിലേതുപോലെ അല്ല എന്ന് മനസിലാക്കുക.[37] അതായത്, "മാന്ത്രിക സംഖ്യാജോതിഷത്തിന്റെ അർത്ഥം മനുഷ്യജീവിതത്തെ സ്വീധീനിക്കുന്നതാണെന്നാണ് അവരുടെ സങ്കൽപം."[38] ജെ. ബി. സീഗൽ നിരീക്ഷിച്ചു, "ബൈബിളിലെ സ്ഥിതിവിവരക്കണക്കുകൾ, ഈജിപ്തിലെ വലിയ പിരമിഡുകളുടെ കണക്കുകൂട്ടൽ പോലെ, വിചിത്രമായ വിള്ളലുകളുള്ളവയായിരിക്കും - ബുദ്ധിജീവികൾ പോലും ഒരു നിമിഷം അങ്ങനെ ചിന്തിച്ചുപോകും."[39] ഭാവി പ്രവചിക്കുന്ന അന്ധവിശ്വാസമായിരുന്നു (ഇപ്പോഴും ആണ്) മാന്ത്രിക സംഖ്യാജോതിഷം. ഇത് ജ്യോതിശാസ്ത്രം തുടങ്ങിയ മറ്റു ഭാവി - പ്രവചന പരിശീലനവുമായി[40] ബന്ധപ്പെട്ടിരിക്കുന്നു, അത് ബൈബിളിൽ വിലക്കിയിരിക്കുന്നതാണ് (ആവർത്തനപുസ്തകം 18:9–13; യെശയ്യാവ് 47:8–15). ഈ ഭാഗത്തിൽ ലളിതമായി അവതരിപ്പിച്ചിരിക്കുന്ന ആലങ്കാരികത, അനിയന്ത്രിതവും ഉറപ്പില്ലാത്തതുമായ മാന്ത്രിക സംഖ്യാജോതിഷത്തിൽനിന്ന് വളരെ അകന്നിരിക്കുന്നതാണ്.

പൗലൊസിന്റെ വാക്കുകൾ കടമെടുത്തുകൊണ്ട്, ഞാൻ ഈ ഉപദേശം നൽകട്ടെ: "ബുദ്ധിയില്ലാത്ത (മൗഢ്യതർക്കംസംഖ്യകളെക്കുറിച്ച്) ശണ്ഠ ജനിപ്പിക്കുന്നു എന്നറിഞ്ഞ് അതിൽനിന്ന് ഒഴിഞ്ഞുനിൽക്ക" (2 തിമൊഥെയൊസ് 2:23).

## ഉപസംഹാരം

അമിതമായ വിവരങ്ങളാൽ നിങ്ങൾ മോഹാൽസ്യപ്പെടുകയാണെങ്കിൽ, പെട്ടെന്ന് ഉത്തേജനപ്രദമായ ചില വാക്കുകൾ ഞാൻ നൽകട്ടെ:

(1) ഈ പാഠത്തിലേയും അടുത്തതിലേയും വിശദീകരണങ്ങളെ ഓർത്ത് നിങ്ങൾ വിചാരപ്പെടാതിരിക്കുക. പൊതുവായ പോയിന്റുകൾ നിങ്ങൾ മനസിലാക്കി കഴിഞ്ഞാൽ, ഓരോ പാഠത്തിന്റേയും അവസാനം കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കണ്ടെത്തുക. നിങ്ങൾ അങ്ങനെ ചെയ്യുമ്പോൾ, പാഠത്തിൽ തന്നെ ഉത്തരങ്ങൾ അടയാളപ്പെടുത്തുക. അത് നിങ്ങൾ ഓർത്തിരിക്കേണ്ട മുഖ്യ വസ്തുതകൾ മനസിലാക്കുവാനും, വെളിപ്പാട് പുസ്തകപഠനത്തിനും സഹായിക്കും.

(2) ആ വസ്തുത മനസിൽ സൂക്ഷിക്കുക: വെളിപ്പാട് പുസ്തകത്തെ കുറിച്ച് നിങ്ങൾ മനസിലാക്കിയാലും ഇല്ലെങ്കിലും, ദൈവസഹായത്തോടുകൂടി, നിങ്ങൾ *അറിയണ*മെന്ന് ദൈവം ആഗ്രഹിക്കുന്ന അടിസ്ഥാന സത്യങ്ങൾ ഗ്രഹിക്കുവാൻ നിങ്ങൾക്ക് കഴിയും. റോബർട്ട് മൗൺസ് ചുണ്ടിക്കാട്ടിയതുപോലെ, "... കൂടുതൽ വിശദാംശങ്ങളിലേക്ക് കടക്കുന്നതു ഒഴിവാക്കി വെളിപ്പാട് പുസ്തകം വായിക്കുമ്പോൾ, അതിലെ മൊത്തത്തിലുള്ള സന്ദേശവും, ... അതിലെ അടിസ്ഥാന സത്യങ്ങളും ... മനസിലാക്കുവാൻ കഴിയും."[41]

---

കുറിപ്പുകൾ

[1]"ഹിയർ *ബി* ഡ്രാഗൺസ്" എന്നത് പുരാതനമായ "ഹിയർ *ആർ* ഡ്രാഗൺസ്"

എന്ന ചൊല്ലാണ്. [2]*സൺ* എന്നത് ഉച്ചരിക്കേണ്ടത് "സൂൺ" എന്നാണ്. [3]ഇത് "പാരബിൾ" എന്ന വാക്കിന് തുല്യമാണ്, അക്ഷരിക അർത്ഥം "ദാറ്റ് വിച്ച് ഈസ് ത്രോൺ എലോങ്ങ്സൈഡ്" എന്നാണ്. [4]*അമേരിക്കൻ ഹെറിറ്റേജ് എലെക്ട്രോണിക് ഡിക്ഷ്ണറി*, 3 ഡ് എഡി. (1992), എസ്. വി. "സിമ്പൽ." [5]നിങ്ങൾ താമസിക്കുന്ന സ്ഥലത്തിന് യോജിക്കുന്ന ഒരു ചിത്രീകരണം ഇതിന് പകരമായി ഉപയോഗിക്കുക. ലോകത്തിൽ മിക്ക ഭാഗത്തും അറിയാവുന്ന അമേരിക്കയിലെ ഒരു അടയാളമാണ് "അങ്കിൾ സാം." [6]ഏൾ എഫ്. പാമർ, 1, 2, 3 *യോഹന്നാൻ & വെളിപ്പാട്*, ദ കമ്മ്യൂണിക്കേറ്റേഴ്സ് കമെന്ററി സീരീസ്, വാല്യം. 12 (ഡള്ളാസ്: വേർഡ് പബ്ലിഷിങ്ങ്, 1982), 102. [7]ജിം മെക്ഗ്വിൻ, *ദ ബുക്ക് ഓഫ് റെവെലേഷൻ*, ദ ലുക്കിങ്ങ് ഇൻടു ദ ബൈബിൾ സീരീസ് (ലബ്ബക്ക്, ടെക്സ്.: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 15. [8]പൊതുവായ നിയമം ഇതാ: ഒരു വേദഭാഗത്തിൽ അസംഭവ്യമോ അല്ലെങ്കിൽ അബദ്ധപ്രസ്താവനയോ അല്ലെങ്കിൽ, അതിൽ വൈപരീത്യമോ *അല്ലെങ്കിൽ* അസ്ഥിരതയോ *അല്ലെങ്കിൽ*, അധാർമ്മിക തീർപ്പോ *അല്ലെങ്കിൽ* സന്ദർഭം ആലങ്കാരിക ഉപയോഗം ആവശ്യപ്പെടുന്നില്ലെങ്കിൽ, ദൈവശ്വാസിയ എഴുത്തുകാരൻ അതിൽ അലങ്കാരപ്രയോഗം ഉണ്ടെന്ന് പറയുന്നില്ലെങ്കിൽ, *അല്ലെങ്കിൽ* അവിടെ അലങ്കാരപ്രയോഗമുണ്ടെന്ന് നമ്മുടെ സാമാന്യബുദ്ധി പറയുന്നില്ലെങ്കിൽ, അക്ഷരികമായി എടുക്കാം. [9]റേ സമ്മേഴ്സ്, *വർതി ഈസ് ദ ലാമ്പ്* (നാഷ്വിലേ.: ബ്രോഡ്മാൻ പ്രസ്, 1951), 48. [10]എങ്ങനെയായാലും, "വിശദീകരണം" മൂലഭാഷയിലെ അടയാളത്തേക്കാൾ, കഠിനമോ, അതി കഠിനമോ ആയേക്കാം (13:18; 17:9, 10).

[11]ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "കർത്താവേ, എത്രത്തോളം?" എന്ന പാഠത്തിലെ 1:4, 5 ലെ കുറിപ്പ് നോക്കുക. [12]വില്യം ഹെൻഡ്രിക്സൺ, *മോർ ദാൻ കോൺകറേഴ്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 58. (എംഫസിസ് ഹിസ്.) [13]ഉപദ്രവങ്ങൾക്കിടയിലും - കർത്താവിന്റെ സഭയുടെ വെളിച്ചം മറച്ചുപിടിക്കാവുന്നതല്ല എന്നതാണ് സാധ്യതയുള്ള പ്രായോഗികത. [14]സമ്മേഴ്സ്, 50. [15]ഒരു പരേഡിൽ, "ഫ്ളോട്ട്" എന്നാൽ പ്ലാറ്റ്ഫോമിൽ അലങ്കരിച്ച് വലിച്ചുകൊണ്ടുപോകാവുന്നതോ ഓടിച്ചുകൊണ്ടുപോകാവുന്നതോ ആണ്. [16]ഒരു പാഠത്തിൽ ഞാൻ ചിലപ്പോഴെല്ലാം മൂന്ന് പടികൾ ഉപയോഗിച്ചിട്ടുണ്ട് - ആ മാതൃക നിങ്ങളുടെ മനസിൽ പതിയുവാനാണ് അത്. [17]നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് പഠിക്കുവാനുള്ള പുസ്തകങ്ങൾ കിട്ടുമെങ്കിൽ, അടിസ്ഥാന ഹെർമെന്യൂട്ടിക്സിനെ കുറിച്ചുള്ള പഠനം ഉപകാരപ്രദമായിരിക്കും. ഡി. ആർ ഡങ്കൻ എഴുതിയതാണ് പുരാതനമായ *ഹെർമെന്യൂട്ടിക്സിൽ* നല്ലത് (എൻ. പി. റീപ്രിന്റ്, ഡിലൈറ്റ് ആർക്ക്,: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി., എൻ. ഡി). [18]ഹ്യൂഗോ മെക്കോർഡ്, *ദ റോയൽ റൂട്ട് ഓഫ് റെവെലേഷൻ* (നാഷ്വിലേ.: 20 ത് സെഞ്ചുറി ക്രിസ്ത്യൻ, 1976), 8. [19]സമ്മേഴ്സ്, 21. [20]ചില ഉയര - മുള്ള കെട്ടിടങ്ങൾക്ക് "പതിമൂന്നാമത്തെ നില" എന്ന പേർ കാണുകയില്ല. മറിച്ച്, "പന്ത്രണ്ടാം നില" കഴിഞ്ഞാൽ അവർ "പതിനാലാം നില" നില എന്നാണ് വിളിക്കുക. "പതിമൂന്ന്" ഭാഗ്യരഹിത നമ്പരായി പറയപ്പെടുവാൻ മറ്റൊരു കാരണം യേശുവിനോടുകൂടെ കർത്തൃമേശയിൽ പങ്കെടുത്ത പതിമൂന്നാമത്തെ ആളായിരുന്നു യൂദാ എന്നതാണ്.

[21]ചുമന്ന് തടിച്ച് കുട്ടികളുടെ ശരീരത്തിൽ കാണപ്പെടുന്ന രോഗമാണ് അഞ്ചാം പനി. [22]"ട്രീനിറ്റി" എന്നതു ലാറ്റിൻ വാക്കാണ് അർത്ഥം "ഒന്നിൽ മൂന്ന്" എന്നാണ്. അത് ബൈബിളിലുള്ള വാക്കല്ല, എങ്കിലും അതിൽ ബൈബിൾ ആശയം അടങ്ങുന്നു. [23]ഹോമർ ഹെയ്‌ലി, *റെവെലേഷൻ: ആൻ ഇൻട്രോഡക്ഷൻ ആന്റ് കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979),

43. [24]സമ്മേഴ്സ്, 22 [25]വെളിപ്പാടിൽ, ഏഴിന്റെ പട്ടിക വരുന്നത് പലപ്പോഴും, മൂന്നുകളുടേയും നാലുകളുടേയും കൂട്ടത്തെ യോജിപ്പിക്കുന്നതായിരിക്കും (അല്ലെങ്കിൽ തിരിച്ചുമായിരിക്കും). [26]"ഏഴ്" തിരുവെഴുത്തിൽ ഉടനീളം കാണപ്പെടുന്ന സംഖ്യയാണ് (ഏഴ് ദിവസത്തെ സൃഷ്ടിത്വത്തോടുകൂടി ആരംഭിക്കുന്നു). [27]സമ്മേഴ്സ്, 23. [28]ഇത് ഒരുപക്ഷെ ദശകങ്ങൾക്ക് മുന്നോടിയായി വന്നതായിരിക്കാം. ഈ സംഖ്യയുടെ ബൈബിൾ ഉദാഹരണമാണ് "പത്തു" കൽപനകൾ. [29]ഒരു തികഞ്ഞ ക്യൂബ് (എല്ലാ വശങ്ങളും തുല്യമായത്) പൂർണ്ണതയുടെ മറ്റൊരു ലക്ഷണമായിരുന്നു (21:16 നോക്കുക). അതുകൊണ്ട് "പത്ത്" ക്യൂബ്ഡ് (10x10x10, അല്ലെങ്കിൽ 1,000) പൂർണ്ണത അല്ലെങ്കിൽ തികവിന്റെ പ്രത്യേക അടയാളമായിട്ടാണ് അത് കാണുന്നത്. [30]പിന്നീട് വരുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടാല്ലാത്ത സൂചകമല്ലാത്ത സംഖ്യ 17:11-ൽ ഉപയോഗിച്ചിരിക്കുന്നതാണ് "എട്ടാമത്തേത്." ഇത് പട്ടികയിൽ ഉൾപ്പെടുത്താതിരിക്കുവാൻ കാരണം "ഏഴിൽ ഒന്നും ഉൾപ്പെടുന്നതായതുകൊണ്ടാണ്" - മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഒരുവിധത്തിൽ അത് ഏഴ് തലകളുള്ള മൃഗത്തിന്റെ സംഖ്യയിൽ പെടുന്നതാണ്. അതുകൊണ്ട്, ആ വേദഭാഗത്തിൽ "എട്ടാമത്തെ" സംഖ്യക്ക് "എഴിന്റേതിൽ" നിന്ന് വ്യത്യസ്തമായ അർത്ഥമില്ല.

[31]ഇന്ന് "പതിമൂന്ന്" അനേകർക്ക് എങ്ങനെയോ, അങ്ങനെയായിരുന്നു അന്നത്തെ യെഹൂദന്മാരിൽ പലർക്കും "ആറ്." (അദ്ധ്യായം 4 ലേയും 5 ലേയും ജീവനുള്ള ജന്തുക്കളുടെ ആറ് ചിറകുകൾ, ഒരു വെല്ലുവിളിയെ സൂചിപ്പിക്കുകയാണ്. അവ ഒരുപക്ഷെ *മൂന്നു ജോഡി* ചിറകുകളെയാകാം കാണിക്കുന്നത്.) [32]"കാലങ്ങൾ" എന്നത് സൂചിപ്പിക്കുന്നത് കുറഞ്ഞ ബഹുവചന സംഖ്യയാണ്: *രണ്ടണ്ടു* ഇരട്ടി. [33]*ട്രൂത്ത് ഫോർ ടുഡേക്ക്* വേണ്ടി വെളിപ്പെടുത്തുന്ന പദ്ധതികൾക്കായി എൻഏഎസ്ബിയാണ് ഉപയോഗിക്കുന്ന പതിവ് - വെളിപ്പാട് പുസ്തകത്തിലും അതു തന്നെയാണ് സ്വീകരിച്ചിരിക്കുന്നത്. പുരാതന അളവു തൂക്കൾ എൻഏഎസ്ബിയിൽ ആധുനീകരിച്ചിട്ടുണ്ട്. ബൈബിളിലെ മിക്ക പുസ്തകങ്ങളിലും അത് സഹായകരമാണ്, വെളിപ്പാടിൽ, ചില വാക്യങ്ങളിലെ സംഖ്യാലങ്കാരത്തെ ആ പതിവ് അല്പം പ്രശ്നമുണ്ടാക്കുന്നുണ്ട്. ഉദാഹരണത്തിന്, വിശുദ്ധനഗരത്തിന്, 1,500 മൈൽ വീതിയുണ്ടെന്നാണ് എൻഏഎസ്ബിയിൽ (21:16) - എന്നാൽ കെജെവി, എൻകെജെവി, ഏഎസ്‌വി, ആർഎസ്‌വി എന്നിവയിലും മറ്റു തർജിമകളിലും പട്ടികയിൽ, വാസ്തവത്തിൽ കാണുന്ന അളവ് *12,000 ഫർലോങ്സ്* ആണ് (അക്ഷരികമായി, *സ്റ്റാഡിയ*) - നമ്മുടെ പട്ടികയിലും 12,000 മാണ്. [34]1/3 ന്റെ മറ്റൊരു ആശയം ഏതൊന്നിനേയും *മൂന്നായി ഭാഗിച്ചാൽ* അതിനെ ദുർബ്ബലപ്പെടുത്തുന്നു എന്നാണ്. [35]മെക്ഗ്വിൻ 163. വസ്തുക്കൾ കടമായി വാങ്ങുമ്പോൾ, "പത്തിലൊന്ന്," "നാലിലൊന്ന്," "മൂന്നിലൊന്ന്" മുൻകൂറായി ആവശ്യപ്പെടുന്നത് സാധാരണയാണ്. [36]ബ്രൂസ് എം. മെറ്റ്സ്ജെർ, *ബ്രേക്കിങ്ങ് ദ കോഡ്: അണ്ടർസ്റ്റാൻഡിങ്ങ് ദ ബുക്ക് ഓഫ് റെവെലേഷൻ* (നാഷ്വിലേ.: അബിങ്ങ്ഡൺ പ്രസ്, 1993), 11 (എംഫസിസ് ഹിസ്.) [37]"സംഖ്യാജോതിഷം" എന്നത് അക്ഷരികമായി അർത്ഥമാക്കുന്നത് "സംഖ്യകളെ കുറിച്ചുള്ള പഠനം" എന്നാണ്, അതുകൊണ്ട് അതിൽതന്നെ അതിന് വാക്കില്ല. എങ്ങനെയായാലും, മിക്ക മനസുകളിലും, തിരിച്ചറിയേണ്ടത്, *മന്ത്രവാദത്തിന്* ഉപയോഗിക്കുന്ന സംഖ്യകൾ, വെളിപ്പാട് പുസ്തകത്തിലെ ആലങ്കാരിക സംഖ്യകളുടെ ഉപയോഗത്തിൽ ഒഴിവാക്കുന്നതാണ് നല്ലത്. [38]*അമേരിക്കൻ ഹെറിറ്റേജ് എലെക്ട്രോണിക് ഡിക്ഷ്ണറി,* 3 ഡ് എഡി., (1992), എസ്. വി "ന്യൂമെറോളജി." ഗുഹ്യമായ അല്ലെങ്കിൽ മന്ത്രവാദപരമായ സംഖ്യകൾ ബൈബിളിലടനീളം പറഞ്ഞിട്ടുള്ളവയിൽ നിന്നു കണ്ടെത്തുവാനുള്ള ശ്രമത്തെ കുറിച്ചുള്ള ചർച്ചകൾ ഈ വാല്യങ്ങളിൽ കാണാം: ഏൾ എഫ്. പാമർ,

*1, 2, 3 ജോൺ & റെവെലേഷൻ,* ദ കമ്മൂണിക്കേറ്റേഴ്സ് കമെന്ററി സീരീസ്, വാല്യം 12 (ഡള്ളാസ്, വേഡ് പബ്ലിഷിങ്ങ്, 1982), 108–9 ഉം ജോൺ. ജെ. ഡേവിസ്, പറഞ്ഞു, *ബൈബിളിലെ സംഖ്യകളെ* (ഗ്രാന്റെ റാപ്പിഡ്, മൈക്ക്.: ബാക്കർ ബുക്ക് ഹൗസ്, 1968), 125–49. "കൈകാര്യം ചെയ്തവരുടെ നിർദ്ദേശരീതികളും അവകാശങ്ങൾ ശ്രദ്ധാപൂർവ്വം പരിശോധിച്ചുകഴിഞ്ഞപ്പോൾ, ആ സംവിധാനങ്ങൾ മൊത്തത്തിൽ തള്ളിക്കളയേണ്ടാതാണെന്ന് തീർച്ചയാക്കി." (പേജ് 148). [39]ജെ. ബി. സീഗൽ, "ന്യുമെറൽസ് ഇൻ ദ ഓൾഡ് ടെസ്റ്റമെന്റ്" *ജേണൽ ഓഫ് സെമിറ്റിക് സ്റ്റഡീസ്* (സ്പ്രിങ്ങ്, 1965), 10:2. [40]*ഗ്രോലിയ മൾട്ടിമീഡിയ എൻസൈക്ലോപീഡിയ* (1995), എസ്. വി. "ഫോർച്ചൂൺ – ടെല്ലിങ്ങ്" ബൈ ബെഞ്ചമിൻ വാക്കർ.

[41]റോബർട്ട്സ് മൗൺസ്, നോട്ട്സ് ഓൺ ദ ബുക്ക് ഓഫ് റെവെലേഷൻ, *ദ എൻഐവി സ്റ്റഡി ബൈബിൾ*, ജെന. എഡി. കെന്നെത്ത് ബാർക്കർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1985), 1924.

---

**പുനരവലോകനത്തിനും ചർച്ചക്കുമുള്ള ചോദ്യങ്ങൾ**

1. വെളിപ്പാട് പുസ്തകത്തിലെ അടയാളങ്ങൾ നിങ്ങളെ അടുപ്പിക്കുന്നുവോ?
2. വെളിപ്പാട് പുസ്തകത്തിന്റെ അടിസ്ഥാനസന്ദേശം മനസിലാക്കുവാൻ അതിലെ വിശദാംശങ്ങളെല്ലാം ഗ്രഹിക്കേണ്ടതുണ്ടോ?
3. "സിമ്പൽ" എന്ന വാക്കിന്റെ അർത്ഥം എന്താണ്? പാഠത്തിലുള്ളതിനു പുറമെ ഏതെങ്കിലും സിമ്പലിന്റെ ഉദാഹരണം പറയാമോ?
4. പാഠമനുസരിച്ച്, വെളിപ്പാട് പുസ്തകം മനസിലാക്കുവാൻ നിരീക്ഷിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട തത്വം എന്ത്?
5. സംഖ്യാഭാഷ വ്യാഖ്യാനിക്കുവാനുള്ള രണ്ട് പ്രത്യേക തത്വങ്ങൾ കൊടുത്തിരിക്കുന്നവ ഏവ? ചർച്ച ചെയ്യുക.
6. ഒരു ദർശനത്തിലെ ഓരോ വിശദാംശത്തിനും പ്രാധാന്യമുണ്ടോ? പല വിശദാംശങ്ങളുടേയും ഉദ്ദേശമെന്താണ്?
7. പാഠത്തിൽ നൽകിയ ബൈബിൾ വ്യാഖ്യാനത്തിനുള്ള മൂന്നു പൊതു വായ തത്വങ്ങൾ ഏവ? അവ ചർച്ച ചെയ്യുക.
8. ഒരു പ്രത്യേക അടയാളത്തിന്റെ അർത്ഥം മനസിലാക്കുവാൻ കഴിയുന്നില്ലെങ്കിൽ നാം എന്തു ചെയ്യും?
9. വെളിപ്പാട് പുസ്തകത്തിൽ മുഖ്യമായും കാണുന്ന നാല് തരത്തിലുള്ള ചിഹനങ്ങൾ ഏവ?
10. ബൈബിൾ കാലയളവിൽ അവർ സംഖ്യകൾ എപ്പോഴും അക്ഷരിക അർത്ഥത്തിൽ ഉപയോഗിച്ചിരുന്നോ?
11. പാഠമനുസരിച്ച്, വെളിപ്പാട് പുസ്തകത്തിലെ മിക്ക സംഖ്യകളും ഏതെല്ലാം മൂന്നു സംഖ്യകളുടെ വകഭേദങ്ങളാണ്?
12. പൂർണ്ണതയെ സൂചിപ്പിക്കുന്ന അടിസ്ഥാന സംഖ്യകൾ ഏതെല്ലാം?
13. പാഠത്തിൽ പറഞ്ഞിരിക്കുന്ന "666" ന് എന്ത് ആലങ്കാരിക പ്രാധാന്യ

മാണുള്ളത്?

14. "1,000" ത്തിന്റെ ആലങ്കാരിക പ്രാധാന്യം എന്ത്?

15. "144,000" ത്തിന് ആലങ്കാരികമായി എന്തു പ്രാധാന്യമാണുള്ളത്?

**വെളിപ്പാട് പുസ്തകത്തിൽ ഉപയോഗിച്ച ആലങ്കാരിക സംഖ്യകൾ**

1 = ഒരു യൂണിറ്റ് (ഒന്ന് മാത്രം)

2 (1+1) = ശക്തീകരിച്ചു

3=ദൈവികത്വ സംഖ്യ

$3^1/2$ (ഏഴിന്റെ പകുതി) = അപൂർണ്ണത (42 മാസം; 1260 ദിവസം; "ഒരു കാലം, ഇരുകാലം, അര കാലം" = ഒരു $3^1/2$–വർഷം പരീക്ഷണ കാലം, ഭാവിയിൽ പ്രത്യാശയുണ്ടെന്ന് സൂചിപ്പിക്കുന്നു)

4 = സൃഷ്ടിത്വ സംഖ്യ (പ്രപഞ്ചസംബന്ധിയായ സംഖ്യ, മനുഷ്യർ)

5 (പത്തിന്റെ പകുതി) = മിതമായ ശക്തി

6 (7–1) = അപൂർണ്ണത (ദുഷ്ടത, വഞ്ചന, അന്തിമ പരാജയം)

7 (3+4) = പൂർണ്ണത് (വിശുദ്ധമായ പൂർണ്ണത)

10 = മനുഷ്യപൂർണ്ണത (തികവ് അല്ലെങ്കിൽ ശക്തി)

12 (3x4) = മതപരമായ പൂർണ്ണത

24 (2x12) = വർദ്ധിപ്പിച്ച മതപരമായ പൂർണ്ണത

40 (4x10) = മനുഷ്യനിലവാരത്തിലുള്ള പൂർണ്ണത

42 ($3^1/2$ നോക്കുക)

144 (12x12) = പൂർണ്ണതയിലുള്ള മതപരമായ പൂർണ്ണത

666 (6 നോക്കുക) = അപൂർണ്ണത, ദുഷ്ടത, വഞ്ചന, വർദ്ധിച്ച പരാജയം

1,000 (10x10x10) = പൂർണ്ണതയുടെ പൂർണ്ണതയുടെ പൂർണ്ണത

1,260 ($3^1/2$ നോക്കുക)

1,600 (4x4x10x10) = മനുഷ്യനിലവാരത്തിൽ മുഴുവനും

7,000 (7x1,000) = പൂർണ്ണത വർദ്ധിപ്പിച്ചു

12,000 (12x1,000) = പൂർണ്ണത വർദ്ധിപ്പിച്ചു

144,000 (144x1,000) = പൂർണ്ണത വർദ്ധിപ്പിച്ചു

200,000,000 (2xപല 10 കളും) = അജയ്യ ശക്തി

1,000,000,000 വും അധികവും = അസംഖ്യം, മനുഷ്യർക്ക് ഗ്രഹിക്കുന്നതിനപ്പുറം